# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ജൂൺ 29

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2020 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ടെക് (സീപാസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയ ]ത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/583/2021)

## അപേക്ഷ തീയതി നീട്ടി

സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും ഇന്റർ സ്‌കൂൾ സെന്ററിലും നടത്തുന്ന വിവിധ എം.എ., എം.എസ് സി., എം.ടി.ടി.എം., എൽ.എൽ.എം., മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്‌പോർട്‌സ്, എം.എഡ്., എം.ടെക്, ബി.ബി.എ., എൽ.എൽ.ബി. എന്നീ പ്രോഗ്രാമുകളിലേക്ക് 2021 - 22 അക്കാദമിക വർഷ പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 12 വരെ നീട്ടി. കോവിഡ് 19 മൂലമുള്ള പ്രത്യേക സാഹചര്യം പരിഗണിച്ചാണ് സമയം ദീർഘിപ്പിച്ചത്. വിശദവിവരത്തിനും ഓൺലൈൻ അപേക്ഷസമർപ്പിക്കുന്നതിനും www.cat.mgu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. വിശദവിവരത്തിന് ഫോൺ: 9188661784, 0481-2733595, ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/584/2021)

## പ്രാക്ടിക്കൽ

മൂന്നും നാലും സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) മാർച്ച്/ജൂൺ 2021 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ ഒന്നുമുതൽ 14 വരെ സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/585/2021)

## എം സി എ : ഇന്നത്തെ (30-6-2021) പരീക്ഷ മാറ്റി

ഇന്ന് (30-6-2021)നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.സി.എ ഡിഗ്രി പരീക്ഷകൾ ജൂലൈ 9 ലേക്ക് മാറ്റി. ജൂലൈ 2,5,7 തിയതികളിൽ നടത്താനിരുന്ന പരീക്ഷകൾക്ക് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/586/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ജൂൺ 29

# വാർത്താക്കുറിപ്പ് – 2

## റബ്ബർ: ലക്ഷ്യമിടുന്നത് ഗവേഷണ, സംരംഭകത്വ രംഗങ്ങളിലെ മുന്നേറ്റം – ഡോ.കെ.എൻ. രാഘവൻ

വൻ തോതിലുള്ള പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്ന പ്ലാസ്റ്റിക് പോലുള്ള ഉത്പന്നങ്ങൾക്ക് പകരം വയ്ക്കാവുന്ന ഒന്നായി റബ്ബറിനെ മാറ്റിയെടുക്കാൻ സഹായിക്കുന്ന വിധത്തിൽ ഗവേഷണ-സംരംഭകത്വ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന് റബ്ബർ ബോർഡ് നടപടി സ്വീകരിച്ചു വരികയാണെന്ന് റബ്ബർ ബോർഡ് ചെയർമാനും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. കെ.എൻ. രാഘവൻ പറഞ്ഞു. റബ്ബർ മേഖലയിലെ സംരംഭകത്വം, വികസനം, പുതിയ വ്യവസായ നിക്ഷേപങ്ങൾ എന്ന വിഷയത്തെ അധികരിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഓൺലൈൻ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഇന്ന് റബ്ബറിൻ്റെ ഉപയോഗം പ്രധാനമായും മോട്ടോർ വാഹന - ടയർ നിർമ്മാണമേഖലയിലാണ്. അതുകൊണ്ടുതന്നെ വാഹന വിപണിയിലെ വ്യതിയാനങ്ങൾ റബ്ബർ വ്യവസായത്തെയും റബ്ബർ കൃഷിയേയും നേരിട്ട് ബാധിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. മാറുന്ന പരിതസ്ഥിതികൾക്കനുസരിച്ച് പുതിയ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാൻ ഈ മേഖലയിലെ സംരംഭകർക്ക് കഴിഞ്ഞാൽ റബ്ബറിൻ്റെ വിലയിടിവ് ഉൾപ്പെടെ കർഷകർ നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് മഹാമാരികാലത്ത് കയ്യുറകൾ പോലുള്ള ഉത്പന്നങ്ങളുടെ ആവശ്യത്തിലുണ്ടായ വർദ്ധനവ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട ഉത്പാദന യൂണിറ്റുകൾക്ക് സഹായകമായിരുന്നു. ശാസ്ത്ര - സാങ്കേതിക രംഗത്തുണ്ടായ വളർച്ചയുടെ സഹായത്തോടെ ഈ രംഗത്ത് കൂടുതൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് റബ്ബർ ബോർഡ് ഉദ്ദേശിക്കുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാല പോലെയുള്ള അക്കാദമിക് - ഗവേഷണ സ്ഥാപനങ്ങളുമായി ഇതിനായി കൈകോർക്കാൻ ഇതിനകം തന്നെ നടപടികൾ എടുത്തിട്ടുണ്ട്. അത്തരം പദ്ധതികൾ കൂടുതൽ വേഗതയോടെ മുന്നോട്ടു കൊണ്ടു പോകുന്നതിനാണ് റബ്ബർ ബോർഡിൻ്റെ ശ്രമം എന്നും അദ്ദേഹം പറഞ്ഞു. സർവ്വകലാശാല വൈസ് ചാൻസലർ ഡോ സാബു തോമസ് സ്വാഗതവും പ്രൊ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ നന്ദിയും പറഞ്ഞു.

നേരത്തെ സർവ്വകലാശാല കാമ്പസിലെത്തിയ ഡോ. കെ. എൻ.രാഘവൻ സർവ്വകലാശാലക്ക് കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് വിദഗ്ധരുമായി ചർച്ച നടത്തി.

(പി.ആർ.ഒ/39/587/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക്റിലേഷൻസ് ഓഫീസർ